പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.232

08.06.2015-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാനുള്ള സംസ്ഥാന - ജില്ലാ മോണിറ്ററിംഗ് സംവിധാനങ്ങൾ വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതിനാൽ പ്രസ്തുത വിഭാഗങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിയ്ക്കാത്തതുമൂലം പോലീസ് അന്വേഷണം അട്ടിമറിയ്ക്കപ്പെടുകയും പ്രതികൾ ശിക്ഷിക്കപ്പെടാതിരിയ്ക്കുകയും ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ ? | (ബി) ഉണ്ട്. മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ് അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുകയോ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പട്ടികജാതി വിഭാഗങ്ങൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് നീതി ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി കർശന നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നത്. അതിക്രമങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിലവിലുള്ള വ്യവസ്ഥ പ്രകാരം |

അന്വേഷണം നടത്തി കുറ്റക്കാർക്ക് ശിക്ഷ ലഭിക്കാൻ തക്ക നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ